(സി) 1. പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും 2081. 2. മറ്റു പിന്നാക്ക സമുദായക്കാർ 10,267.

(ഡി) ജാതി തിരിച്ചുള്ള സ്ഥിതിവിവരക്കണക്കു സൂക്ഷിക്കാറില്ല.

മിസ്റ്റർ. സ്പീക്കർ: ഇതോടൊപ്പം 38—ാമത്തെ ചോദ്യത്തിനുകൂടി ഉത്തരം നൽകാവുന്നതാണു്.

ഉദ്യോഗനിയമനങ്ങൾ.

*314. [38] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക്കു് സർവ്വീസ് കമ്മിഷൻ മുഖേനയും എംപ്ലായ്മെന്റു് എക്സ്ചേഞ്ചു മുഖേനയും ആകെ എത്രപേർക്കു് ജോലി നൽകി;

(ബി) ഇതിൽ പബ്ലിക്കു് സർവ്വീസ്കമ്മിഷൻ മുഖേന എത്രയെന്നും എംപ്ലായ്മെന്റു് എക്സ്ചേഞ്ചുകളും മുഖേന എത്രയെന്നും വേർതിരിച്ചുള്ള കണക്കു പറയാമോ;

(സി) ഈ നിയമനങ്ങളിൽ സംവരണവ്യവസ്ഥ ശരിക്കു് പാലിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഹരിജനങ്ങളിൽനിന്നു് എത്രപേരെ നിയമിച്ചു എന്നു് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 40670.

(ബി) 1. പബ്ലിക്സർവ്വീസു് കമ്മിഷൻമുഖേന 16397.

2. എംപ്ലായ്മെന്റു് എക്സ്ചേഞ്ചുകളും മുഖേന 24253

ഇതിൽ 1193പേർക്കു് പാർട്ടുടൈം ജോലിയാണു നൽകിയിട്ടുള്ളതു്.

(സി) സർവ്വീസുകമ്മിഷൻ നിയമനങ്ങളിൽ സംവരണവ്യവസ്ഥ പാലിക്കാറുണ്ടു്. എംപ്ലായ്മെന്റു് എക്സ്ചേഞ്ചുമുഖേന നടത്തുന്ന താൽക്കാലിക നിയമനങ്ങളിൽക്കൂടി സംവരണ വ്യവസ്ഥ പാലിക്കണമെന്നു 1962 അക്ടോബറിൽ നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ഡി) പബ്ലിക്സർവ്വീസുകമ്മിഷൻ 1129

എംപ്ലായ്മെന്റു് എക്സ്ചേഞ്ചുകളും 700

പാർട്ടുടൈം ജോലി കൊടുത്തവർ ഇതിൽ ഉൾപ്പെട്ടുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: എന്റെ ചോദ്യം നടത്തിയ നിയമനങ്ങളെപ്പറ്റിയാണു്. അഡ്വൈസു ചെയ്തതെല്ലാവർക്കും നിയമനം നടക്കണമെന്നില്ല. റിസർവ്വേഷൻ വ്യവസ്ഥപ്രകാരം നിയമനം കിട്ടിയിട്ടുണ്ടോ എന്നു നോക്കാനാണു് ലിസ്റ്റു് ആവശ്യപ്പെട്ടതു്. ഇതിൽ അഡ്വൈസു് നടത്തിയിട്ടുള്ള വിവരമാണു കൊടുത്തിട്ടുള്ളതു്. അതുകൊണ്ടു് ജാതിതിരിച്ചുള്ള ലിസ്റ്റു് തരികയും അങ്ങനെ നിയമനം നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഏർപ്പാടുചെയ്യുകയും ചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: പിന്നാക്ക സമുദായക്കാർക്കു പ്രത്യേകം ചിലകാറ്റഗറി വച്ചിട്ടുണ്ടു്. അതല്ലാതെ അതിനപ്പുറം ജാതിതിരിച്ചുള്ള കണക്കു വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സംവരണം പാടില്ലെന്നു് എംപ്ലായ്മെൻറു് എക്സ്ചേഞ്ചുകൾക്കു നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിലും പലയിടത്തും അതു പാലിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടില്ലേ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി: എംപ്ലായ്മെൻറു് എക്സ്ചേഞ്ചുകൾ നടത്തുന്ന നിയമനങ്ങളിൽ സംവരണവ്യവസ്ഥപാലിക്കുന്നുണ്ടോ എന്നു ഗവണ്മെൻറു പരിശോധിക്കാറുണ്ടോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പാലിക്കുകയില്ലെന്ന ബഹുമാനപ്പെട്ട മെംബർക്കു് അഭിപ്രായമുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു്: മുഖ്യമന്ത്രി പറഞ്ഞ ആ കെയുള്ള അഡ്വൈസുകളിൽ ജില്ലാ റിക്രൂട്ടുമെൻറു് ബോർഡു് നടത്തിയിട്ടുള്ള അഡ്വൈസുകളും ഉൾപ്പെട്ടുമോ? ഉൾപ്പെട്ടുമെങ്കിൽ ആ ഇനത്തിൽ എത്ര ഒഴിവുണ്ടെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: അതും ഉൾപ്പെട്ടും. അതിൻറെ പ്രത്യേക കണക്കു എൻറെ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. സി. എച്ച്. മാത്യു: ഒന്നാമത്തെ ചോദ്യത്തിലെ (സി) ക്കു മറുപടിയായി, 12348 പേരെ നിയമിച്ചുവെന്നുകാണുന്നതിൽ 2081 പേരാണു് പട്ടികജാതിക്കാരും, പട്ടികവർഗ്ഗക്കാരും. അവർക്കു് സംവരണവ്യവസ്ഥയനുസരിച്ചുള്ള മുഴുവൻ നിയമനവും നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിൻറെ കുറവു പരിഹരിക്കുന്നതു് മറ്റു പിന്നോക്ക സമുദായക്കാരിൽനിന്നുള്ള നിയമനം വഴിയാണോ?

ശ്രീ. ആർ. ശങ്കർ: ഈ കണക്കിൽനിന്നും വളരെ വ്യക്തമായി പറയാൻ കഴിയുകയില്ലെങ്കിലും പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും ഉൾപ്പെടുന്ന വിഭാഗത്തിൽനിന്നും എല്ലായ്പ്പോഴും യോഗ്യതയുള്ള ആളുകളെ എല്ലാ ഉദ്യോഗങ്ങൾക്കും കിട്ടാതെ വരാറുണ്ടു്. അങ്ങനെ വരുമ്പോൾ ചില നിയമനങ്ങൾ അവർക്കു കിട്ടേണ്ടതു് കിട്ടാതെയായിപ്പോകുന്നു. മറ്റു പിന്നോക്കസമുദായക്കാരെസംബന്ധിച്ചിടത്തോളം അങ്ങനെ വരുന്നില്ല.

ശ്രീ. സി. എച്ച്. മാത്യു: ഞാൻ ചോദിച്ചതു്, ഈ കുറവു് നികത്തുന്നതു്, പിന്നാക്കവിഭാഗക്കാരിൽനിന്നാണോ, മുന്നോക്കവിഭാഗക്കാരിൽ നിന്നാണോ എന്നാണു്.

ശ്രീ. ആർ. ശങ്കർ: കുറവു നികത്തുന്നതു് എല്ലാവരേയും ഉൾപ്പെടുത്തിയാണു്.

ശ്രീ. പി. സി. ആദിച്ചൻ: പബ്ലിക്കു് സർവ്വീസു് കമ്മിഷൻറെ അപേക്ഷാഫാറത്തിൽ ജാതിയും മതവും എല്ലാം കാണിക്കുന്നതിനുള്ള കാളങ്ങൾ ഉണ്ടു്. അതനുസരിച്ചു് ജാതിതിരിച്ചുള്ള വിവരം അറിയാൻ പ്രയാസമില്ല. അതുകൊണ്ടു് ജാതിതിരിച്ചുള്ള കണക്കു തരാൻ ഒരുവുണ്ടാകുമോ?

ശ്രീ. ആർ. ശങ്കർ: ഫാറത്തിൽ എന്തുണ്ടായിരുന്നാലും നോക്കുന്നതു് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതാണോ; പിന്നാക്ക വിഭാഗത്തിൽപ്പെട്ടതാണോ എന്നുള്ള കാര്യമാണു്. ഫാറത്തിൽ അപേക്ഷകൻതന്നെ എഴുതിയിട്ടുള്ള ജാതിയല്ല നോക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഒരു പ്രായിൻറു് ആഫ് ആർഡർ. ജാതി അപേക്ഷകളിൽ എഴുതുന്നതു് തഹസീൽദാരുടേയും അതുപോലെയുള്ള ഗസറ്റഡു് ആഫീസറന്മാരുടെയും സർട്ടിഫിക്കറ്റു വച്ചുകൊണ്ടാണു്. അങ്ങനെയുള്ള സർട്ടിഫിക്കറ്റുകൾ തെറ്റാണെന്നു പറയുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജാതി തിരിച്ചുള്ള പട്ടിക സൂക്ഷിക്കുന്നില്ലെങ്കിൽ സംവരണ വ്യവസ്ഥ പാലിക്കുന്നുണ്ടോ എന്നറിയുന്നതിനു മറെറന്തെർപ്പാടാണുള്ളതു്?

അഡൈവസു് ചെയ്യുകണക്കുകൊണ്ടു് കാര്യമായില്ല. അതനുസരിച്ചു് സംവരണാടിസ്ഥാനത്തിൽ നിയമനം കിട്ടിയിട്ടുണ്ടോ എന്നറിയാനാണു ചോദ്യം. അതിനാവശ്യമായ വ്യവസ്ഥ മേലിലെങ്കിലും ഉണ്ടാക്കുമോ?

ശ്രീ. ആർ. ശങ്കർ: ഇതിനെറ മുളിൽതന്നെ സംവരണം നൽകുന്നതിനു് ഇന്നവിഭാഗമെന്നു പ്രത്യേകമായി തിരിച്ചു് ചില ക്യാററഗറി വച്ചിട്ടുണ്ടു്. ചില സമുദായങ്ങളും ഉൾപ്പെട്ടുന്ന ക്യാററഗറിയുണ്ടു്. ഗ്രൂപ്പുകളും ഉൾപ്പെടുന്ന ക്യാററഗറിയും ഉണ്ടു്. ഉദാഹരണത്തിനു് ഹിന്ദുക്കളുടെ ഇടയിൽ ഈഴവർ സമുദായമെന്ന നിലയിൽ ഉൾപ്പെടും. മറു പിന്നാക്ക ഹിന്ദുക്കളും എന്നൊരു വിഭാഗമുണ്ടു്. അതിൽ എത്രയോ സമുദായം ഉൾപ്പെടും. ഇതൊക്കെ ജാതി തിരിച്ചു പറയാൻ പ്രയാസമാണു്.

ശ്രീ. ഒ. കോരൻ: പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു് ഇത്ര ശതമാനം നിയമനം നൽകണമെന്നു ഇവാല്യൂവേഷൻ കമ്മിററി ചൂണ്ടിക്കാണിച്ചതു് പാലിക്കുന്നതിനു് പബ്ലിക് സർവ്വീസു് കമ്മീഷനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയെങ്കിലും അവർക്കുള്ള ശതമാനം നിയമനം നടത്തുന്നതിനു് ആവശ്യപ്പെടുമോ?

ശ്രീ. ആർ. ശങ്കർ: അവരിൽനിന്നു യോഗ്യതയുള്ള അപേക്ഷകരുണ്ടെങ്കിൽ അവരെ നിയമിക്കുകതന്നെ ചെയ്യും.

ശ്രീ. ഒ. കോരൻ: താഴ്ന്നവിഭാഗത്തിൽപ്പെട്ട ഉദ്യോഗങ്ങൾപോലും പട്ടികജാതിപട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കു് കിട്ടേണ്ട ശതമാനം കിട്ടിയിട്ടില്ലെന്നു വളരെ വ്യക്തമായി ഇവാല്യൂവേഷൻ കമ്മിററി ചൂണ്ടിക്കാണിക്കുന്നതിനെറ വെളിച്ചത്തിൽ, എന്തുകൊണ്ടു് അവർക്കു നീക്കിവച്ചിട്ടുള്ള നിയമനം നടത്തുന്നില്ലെന്നു അന്വേഷിക്കാൻ ദയവുണ്ടാകുമോ:

ശ്രീ. ആർ. ശങ്കർ: ഈ ചോദ്യത്തിനെറ അർത്ഥം വ്യക്തമായി മനസ്സിലായില്ല. അവർ അർഹിക്കുന്ന നിയമനങ്ങളും കിട്ടുന്നില്ലെന്നുള്ളതു് ഒരു വസ്തുതയാണു്. അങ്ങനെ കിട്ടാതെവന്നതു് യോഗ്യതയുള്ള അപേക്ഷകർ ഇല്ലാത്തതുകൊണ്ടാണു്. അതിനു് എന്തുചെയ്യണമെന്നു ബഹുമാനപ്പെട്ട മെംബർ പറയുന്നു എന്നു എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ഈ. പി. ഗോപാലൻ: '62—63 —ൽ പബ്ലിക് സർവ്വീസു് കമ്മീഷൻ അഡൈവസു് ചെയ്തിട്ടുള്ളതിൽ നിയമനം കിട്ടിയിട്ടുള്ളവർ എത്രയാണെന്നാണു് ചോദ്യം. അതിനു അഡൈവസു് കിട്ടിയവർ ഇത്രയെന്നു പറഞ്ഞാൽ എങ്ങനെ മറുപടിയാകും? പബ്ലിക് സർവ്വീസു് കമ്മീഷൻ എത്രപേരെ അഡൈവസു് ചെയ്തു എന്നു് ചോദിക്കാൻ അറിയാൻ പാടില്ലാത്തതുകൊണ്ടല്ലേ അങ്ങനെ ചോദിച്ചതു്.

ശ്രീ. ആർ. ശങ്കർ: ഈ ചോദ്യത്തിനെറ ഉത്തരം വാക്കുകളിൽ അടങ്ങുന്ന അർത്ഥം വച്ചാണെങ്കിൽ ആരെയും നിയമിച്ചിട്ടില്ലെന്നാണു്. പബ്ലിക് സർവ്വീസ് കമ്മീഷൻ ആരെയും നിയമിക്കുന്നില്ല. അഡ്വൈസു് ചെയ്യുന്നേയുള്ളൂ.

ശ്രീ. ഈ. പി. ഗോപലൻ: അഡ്വൈസു് ചെയ്തതിൽനിന്നു് എത്ര നിയമനം നടത്തിയെന്നാണു് അറിയേണ്ടതു്.

ശ്രീ. ആർ. ശങ്കർ: വ്യക്തമായിട്ടു അറിയുന്നതിനു് രണ്ടും പ്രത്യേകമായി ചോദിച്ചാൽ അതു് ശേഖരിക്കുന്നതിനു് ശ്രമിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് റിസർവ്വ് ചെയ്തിട്ടുള്ളടത്തോളം നിയമനങ്ങൾ കിട്ടിയിട്ടില്ലെന്നും, അതിന്റെ കാരണം അവരിൽ യോഗ്യതയുള്ളവർ ഇല്ലാത്തതുകൊണ്ടായിരിക്കാം എന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ വേണ്ടത്ര യോഗ്യതയുള്ള ആളുകളെ കിട്ടുന്നതിനുവേണ്ടി പരിശീലനം ആവശ്യമാണെങ്കിൽ അതു നൽകിയോ മറേറാ അതു് നടപ്പിലാക്കണമെന്നുള്ള വ്യഗ്രതയോടുകൂടി നടപടി സ്വീകരിക്കാൻ തയാറാകുമോ?

ശ്രീ. ആർ. ശങ്കർ: അതുകൊണ്ടാണു പ്രൊഫഷനൽ കോളേജുകളിലും മറും അവർക്കു് കുറച്ചു സീറുകൾ സംവരണം ചെയ്തു അവരെ യോഗ്യതയുള്ളവരാക്കിത്തീർക്കണമെന്നു ഗവണ്മെൻറു കരുതുന്നതു്. ഇപ്പോൾ പിന്നാക്ക സമുദായക്കാരെസംബന്ധിച്ചിടത്തോളം, കോടതിവിധിമൂലം ഒരു ബുദ്ധിമുട്ടു് ഉണ്ടായിട്ടുണ്ടു്. അതിനു് എന്തു പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നു ഗവണ്മെൻറു് ആലോചിക്കുകയാണു്. അതിൽ കവിഞ്ഞു് എന്തു ചെയ്യാൻ കഴിയുമെന്നു ഗവണ്മെൻറിനു നിശ്ചയമില്ല.

ഹരിജൻ വിദ്യാർത്ഥികൾ.

✱ 315. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിൽ പ്രൈമറി, സെക്കണ്ടറി സ്കൂളുകളിലും ആർട്ടു്സു്, മെഡിക്കൽ, ഇൻജിനീയറിംഗു് കോളേജുകളിലും മറുടെക്നിക്കൽ സ്കൂളുകളിലും പഠിച്ചുകൊണ്ടിരിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾ എത്രവീതമാണെന്നു് പറയാമോ;

(ബി) ഇവർക്കു് നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തെല്ലാം;

(സി) ആ ഇനത്തിൽ ഈ വർഷത്തിൽ ചെലവായ സംഖ്യ എത്ര?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) പ്രൈമറി, അപ്പർപ്രൈമറി, സെക്കൻഡറി, ടെയിനിംഗു് 347,388 കുട്ടികൾ

മെഡിക്കൽ....	76	:
ഇൻജനീയറിംഗു്....	81	:
ആർടു്സുകോളേജുകൾ..	2667	:
സാങ്കേതികവിഭാഗം..	900	:

(ബി) : ഫീസു് സൗജന്യം, ഹോസ്റ്റൽ സൗജന്യതാമസം, സൗജന്യഭക്ഷണം, ലംപു്സം ഗ്രാൻറു്, സ്റ്റൈപ്പൻഡു്, പോക്കറ്റുമണി എന്നീ ആനുകൂല്യങ്ങൾ നൽകുന്നുണ്ടു്.

(സി) 1964 ജനുവരി 31-ാംതീയതി വരെ 57,53,735 രൂപാ 49 ന.സ ചെലവായിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: മൂന്നും നാലും സ്റ്റാൻേറർഡിൽ പഠിക്കുന്ന ഹരിജൻവിദ്യാർത്ഥികൾക്കു നൽകുന്ന ലംപു്സം ഗ്രാൻറു് 5 രൂപയായി വർദ്ധിപ്പിക്കണമെന്നും 'ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവരുടെ പോക്കറ്റുമണി 5 രൂപയിൽനിന്നും 10രൂപയാക്കി വർദ്ധിപ്പിക്കണമെന്നും ഇവാല്യൂവേഷൻ കമ്മിറ്റി നൽകിയ നിർദ്ദേശം ഈ ഗവണ്മെൻറു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇവാല്യൂവേഷൻ കമ്മിറ്റി വർദ്ധനവു വരുത്തണമെന്നാവശ്യപ്പെട്ടിരുന്നു. പക്ഷെ നടപ്പിലാക്കാൻ ഗവണ്മെൻറിനു സാധിച്ചില്ല. കാരണം, സാമ്പത്തികപരാധീനതയാണു്.

LIBRARY ARCHIVES Kerala Legislative Assembly